# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 9<br>July 9 | 2019 |
|---|---|
| 1193 മിഥുനം 24 ചൊവ്വ | |

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

---

**അസിസ്റ്റന്റ് ടെക്നോളജി മാനേജർ ഒഴിവ്**

കൃഷി വകുപ്പിന്റെ അധീനതയിലുള്ള അത്മയിൽ ഒഴിവുള്ള അസിസ്റ്റന്റ് ടെക്നോളജി മാനേജരുടെ ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വി.എച്ച്.എസ്.ഇ (കൃഷി/ഡയറി/വെറ്ററിനറി/ഫിഷറീസ്) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം അഭികാമ്യമാണ്. പ്രതിമാസം 15000 രൂപ ശമ്പളം ലഭിക്കും. താത്പര്യമുള്ളവർ പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ മാസം 18ന് രാവിലെ 10ന് ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ: 04734 256610.

(പിഎൻപി 1694/19)

**ഫാർമസിസ്റ്റ് ഒഴിവ്**

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ജില്ലയിൽ ഒഴിവുള്ള ഫാർമസിസ്റ്റ് ഗ്രേഡ് രണ്ട് തസ്തികയിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാരിന്റെ ഒരു വർഷത്തെ ആയുർവേദ ഫാർമസി കോഴ്സ് പാസായവർക്കും തത്തുല്യ യോഗ്യതയുള്ള വർക്കും അപേക്ഷിക്കാം. പ്രായം 50 ന് താഴെയായിരിക്കണം. പ്രതിദിനം 750 രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 12ന് രാവിലെ 11.30ന് ഭാരതീയ

ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 0468 2324337. (പിഎൻപി 1695/19)

**ചുമതലയേറ്റു**

പത്തനംതിട്ട അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി അലക്സ് പി തോമസ് ചുമതലയേറ്റു. കടമ്പനാട് സ്വദേശിയാണ്. കൊല്ലം എൽ.എ ഡപ്യൂട്ടി കളക്ടറായി സേവനമനുഷ്ഠിക്കുകയായിരുന്നു. ഭാര്യ മിനി ജോർജ് അടൂർ സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസാണ്. ആരോൺ ടോം അലക്സ്, ആരാധ്യ അന്ന അലക്സ് എന്നിവർ മക്കളാണ്. (പിഎൻപി 1696/19)

**ആരോഗ്യകേരളം പദ്ധതിയിൽ ഒഴിവ്**

ആരോഗ്യകേരളം പദ്ധതിയിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 20. കൂടുതൽ വിവരം www.arogyakeralam.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പിഎൻപി 1697/19)

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി : ജില്ലയിൽ 154553 കുടുംബങ്ങൾ അംഗം**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ജില്ലയിൽ 1,54,553 കുടുംബങ്ങൾ അംഗങ്ങളുണ്ടെന്ന് ചിയാക് ജില്ലാ പ്രോജക്ട് മാനേജർ റ്റി.എ.അഖിൽ കുമാർ അറിയിച്ചു. ഇതിൽ 92,864 കുടുംബങ്ങൾക്ക് ഇതുവരെ കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. കാരുണ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ

**എന്താണ് കാരുണ്യ ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതി ?**

2008 മുതൽ ഉണ്ടായിരുന്ന ആർഎസ്ബിവൈ പദ്ധതിയാണ് ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ ആയുഷ്മാൻ ഭാരത്/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ അറിയപ്പെടുന്നത്. ആശുപത്രികളിൽ കിടത്തി ചികിത്സ തേടേണ്ട അവസരങ്ങളിൽ അഞ്ചു ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ഒരു കുടുംബത്തിന് തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ ലഭിക്കും. തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ഇവയുടെ കാർഡ് വിതരണം നടന്നുവരുന്നു..

**ആരൊക്കെ അർഹരാണ് ?**

കേരള സർക്കാർ നടപ്പാക്കിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ചിസ്, ചിസ് പ്ലസ്, എസ് ചിസ് , കേന്ദ്ര സർക്കാർ പദ്ധതിയായ ആർഎസ്ബിവൈ തുടങ്ങിയവയിൽ രജിസ്റ്റർ ചെയ്ത് 2019 മാർച്ച് 31 വരെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭിച്ചു കൊണ്ടിരുന്ന എല്ലാ കുടുംബങ്ങളും, 2011 ലെ കേന്ദ്ര സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ അടിസ്ഥാനത്തിൽ ആയുഷ്മാൻ പദ്ധതിയുടെ പേരിൽ പ്രധാനമന്ത്രിയുടെ കത്ത് ലഭിച്ചവർക്കും പദ്ധതിയിൽ അർഹതയുണ്ട്.

**എനിക്ക് ഇതു വരെ കാർഡില്ല. എനിക്ക് ചേരാൻ കഴിയുമോ ?**

കുടുംബത്തിലെ ആർക്കെങ്കിലും കാർഡ് ഉണ്ടെങ്കിൽ അതിൽ ഉൾപ്പെടുത്താം. പുതിയതായി കുടുംബങ്ങൾക്കു കാർഡ് വിതരണം ചെയ്യുന്നതിന് അപേക്ഷ ഇതുവരെ വിളിച്ചിട്ടില്ല.

**പഴയ കാർഡ് ഉണ്ട്. പുതുക്കാമോ ?**

2019 മാർച്ച് 31 വരെ കാലാവധിയുള്ള കാർഡുകൾ പുതുക്കാം. അതിനുള്ള സൗകര്യങ്ങൾ തദ്ദേശസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു . ആ സമയത്ത് മതിയായ രേഖകൾ (റേഷൻ കാർഡ്, ഇൻഷ്വറൻസ് കാർഡ്/ പ്രധാനമന്ത്രിയുടെ കത്ത്, ആധാർ കാർഡ്) സഹിതം എത്തി കാർഡ് പുതുക്കിയെടുക്കാം. ഇൻഷ്വറൻസ് കാർഡ് ഉപയോഗിച്ച് ചികിത്സ നടത്തിയില്ലെങ്കിലും എല്ലാ വർഷവും പുതുക്കാൻ ശ്രദ്ധിക്കണം.

**എന്തൊക്കെ പരിരക്ഷകൾ**

ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും ആശുപത്രിയിൽ കിടത്തി ചികിത്സ വേണ്ടിവരുന്ന അവസരങ്ങളിലാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. കിടത്തി ചികിത്സ സമയത്തെ ചികിത്സകൾ, മരുന്നുകൾ, പരിശോധനകൾ തുടങ്ങിയ ചെലവുകളെല്ലാം സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിനു മൂന്ന് ദിവസം മുൻപും വിടുതൽ ചെയ്തശേഷം അഞ്ച് ദിവസം വരെയും വേണ്ടിവരുന്ന പരിശോധനകൾ, മരുന്നുകൾ എന്നിവയും സൗജന്യമായിരിക്കും. ചികിത്സിക്കുന്ന ഡോക്ടറുടെ നിർദേശ പ്രകാരം നടത്തുന്ന ടെസ്റ്റുകൾ, ആവശ്യമായ മരുന്നുകൾ, വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങളുടെ ഫീസുകൾ എന്നിവയെല്ലാം ആനുകൂല്യത്തിൽ ഉൾപ്പെടുന്നു. ഡയാലിസിസ്, റേഡിയേഷൻ, കീമോതെറാപ്പി, കണ്ണു സംബന്ധമായ അസുഖങ്ങൾ തുടങ്ങി നിർബന്ധമായും ആശുപത്രിയിൽ കിടക്കേണ്ടി വരാത്ത ചികിത്സകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജനറൽ വാർഡ്, തീവ്ര പരിചരണ വാർഡ് എന്നിവിടങ്ങളിൽ കിടത്തിയുള്ള ചികിത്സകൾക്കു മാത്രമാണ് ആനുകൂല്യം.

**ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ**

പദ്ധതിയിൽ ഉൾപ്പെടുന്ന ആശുപത്രികളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി പ്രത്യേക കൗണ്ടറുകൾ ഉണ്ട്. ആശുപത്രിയിൽ പ്രവേശിക്കുമ്പോൾ തന്നെ ഇൻഷ്വറൻസ് കാർഡ് ഈ കൗണ്ടറിൽ നൽകണം. റേഷൻ കാർഡ്, ആധാർകാർഡ് പോലെയുള്ള രേഖകളും കൈവശം വയ്ക്കുക.

**ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങൾ**

- കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ കുടുംബത്തിലെ റേഷൻ കാർഡിൽ പേരുള്ള മുഴുവൻ അംഗങ്ങൾക്കും അംഗത്വം എടുക്കാം.
- കുടുംബത്തിലെ ഒരു അംഗം കാർഡ് പുതുക്കിയാൽ മതി. മറ്റ് അംഗങ്ങൾക്കു ചികിത്സ വേണമെങ്കിൽ കാർഡിൽ അവരുടെ പേര് കൂട്ടിച്ചേർക്കാം. റേഷൻ കാർഡിൽ പേരില്ലാത്തവരാണ് കൂട്ടിച്ചേർക്കാൻ വരുന്നതെങ്കിൽ അവർ റേഷൻ കാർഡിൽ ഉള്ള അംഗവുമായുള്ള ബന്ധം സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാം. ഉദാ. ജനന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്.
- പദ്ധതിയിൽ അംഗമാകുന്നതിനും പിന്നീട് കൂട്ടി ചേർക്കേണ്ട അവസരത്തിലും അവരവരുടെ ആധാർ കാർഡ്, റേഷൻ കാർഡ്, 2018-19 വർഷം സാധുവായ ആരോഗ്യ ഇൻഷുറൻസ് കാർഡ് എന്നിവയുടെ അസൽ ഹാജരാക്കണം.
- കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡ് നഷ്ടപ്പെട്ടാൽ ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന നിങ്ങൾ കാർഡ് പുതുക്കാൻ സമയത്ത് നൽകിയ മൊബൈൽ നമ്പർ ആശുപത്രി കൗണ്ടറിൽ നൽകിയാലും സൗജന്യ ചികിത്സ ലഭിക്കും.
- ഒരു കുടുംബത്തിന് അംഗത്വം എടുക്കുന്നതിനു 50 രൂപയാണ് നൽകേണ്ടത്. കുടുംബത്തിലെ ബാക്കി അംഗങ്ങളെ കൂട്ടിച്ചേർക്കുന്ന അവസരത്തിൽ പണം നൽകേണ്ടതില്ല.

കേന്ദ്രങ്ങളെ കുറിച്ച് അറിയുന്നതിനും മറ്റു വിവരങ്ങൾക്കുമായി കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെടാം. പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയാൻ വിളിക്കുക.

ടോൾ ഫ്രീ. 1800 200 2530, (10 എ.എം മുതൽ 5 പി.എം വരെ)

1800 121 2530 (10 എ.എം മുതൽ 5 പി.എം വരെ)

**ജില്ലയിൽ ചികിൽസ ലഭിക്കുന്ന ആശുപത്രികൾ**

സർക്കാർ ആശുപത്രികൾ

1. ജനറൽ ആശുപത്രി, പത്തനംതിട്ട.
2. ജനറൽ ആശുപത്രി, അടൂർ.
3. ജില്ലാ ആശുപത്രി, കോഴഞ്ചേരി.
4. താലൂക്ക് ആശുപത്രി, കോന്നി.
5. താലൂക്ക് ആശുപത്രി, റാന്നി.
6. താലൂക്ക് ആശുപത്രി, തിരുവല്ല.
7. താലൂക്ക് ആശുപത്രി, മല്ലപ്പള്ളി.

**സ്വകാര്യ ആശുപത്രികൾ**

1. പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല.
2. മൗണ്ട് സീയോൻ മെഡിക്കൽ കോളജ്, അടൂർ.
3. സെന്റ് തോമസ് ഹോസ്പിറ്റൽ, മാലക്കര.
4. സബിത ഐ ഹോസ്പിറ്റൽ, പത്തനംതിട്ട.
5. ഐ മൈക്രോ സർജറി ആന്റ് ലേസർ സെന്റർ, തിരുവല്ല.
6. കാരുണ്യ ഐ ഹോസ്പിറ്റൽ, അടൂർ.
7. സി.എം. ഹോസ്പിറ്റൽ, പന്തളം.

(പിഎൻപി 1698/19)

## എലിപ്പനിക്കും ഡങ്കിപ്പനിക്കുമെതിരെ ജാഗ്രത വേണം: ജില്ലാ മെഡിക്കൽ ഓഫീസർ

ജില്ലയുടെ പല ഭാഗത്തും എലിപ്പനിയും ഡങ്കിപ്പനിയും കൂടുതലായി കാണുന്നതിനാൽ ഇതിനെതിരെ ജാഗ്രത വേണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ അറിയിച്ചു.

ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുക് പരത്തുന്ന രോഗമാണ് ഡങ്കിപ്പനി. നാലുതരം ഡങ്കിവൈറസുകൾ രോഗമുണ്ടാക്കും. പലപ്പോഴും ആദ്യ രോഗബാധ കാര്യമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാറില്ല. ഒരു പ്രാവശ്യം ഡങ്കിപ്പനി ബാധിച്ചയാൾക്ക് മറ്റൊരുതരം ഡങ്കി വൈറസ് ബാധിച്ചാൽ അതീവ ഗുരുതരമാകാനും മരണകാരണമാകാനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പനി ലക്ഷണം കണ്ടാൽ എത്രയും വേഗം ഡോക്ടറെ സമീപിക്കണം. ഡങ്കിപ്പനി പരിശോധനാ സൗകര്യവും ചികിത്സാ സൗകര്യവും എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും ലഭിക്കും. വീടിനുള്ളിലും പരിസരത്തുമുള്ള കൊതുകിന്റെ ഉറവിടങ്ങൾ കണ്ടെത്തി ഇല്ലാതാക്കുകയാണ് ഡങ്കിപ്പനിബാധ തടയാനുള്ള ശാശ്വതപരിഹാരം.

എലിപ്പനി രോഗം ബാധിച്ച എലി, പൂച്ച, കന്നുകാലികൾ, പട്ടി, ആട് തുടങ്ങിയ ജീവികളുടെ മൂത്രത്തിൽ കൂടി എലിപ്പനി രോഗാണു പുറത്തുവരും. ഇവ മണ്ണിലും വെള്ളത്തിലും ദിവസങ്ങളോളം നശിക്കാതെ കാണും. ഈ രോഗാണുക്കൾ കലർന്ന വെള്ളവുമായി സമ്പർക്കത്തിൽ വരുന്നവരുടെ ശരീരത്തിലെ നേർത്ത പോറലുകളിൽ കൂടിയും മുറിവുകളിൽ കൂടിയും രോഗാണു ശരീരത്തിലെത്തും. മുറിവുകളില്ലെങ്കിൽ കൂടി കാലുകളുടെ വിരലുകൾക്കിടയിലെ കട്ടികുറഞ്ഞ തൊലി, കണ്ണിനും മൂക്കിനും ഉള്ളിലെ കട്ടി കുറഞ്ഞ തൊലി എന്നീ ഭാഗങ്ങൾ തുളച്ച് രോഗാണുവിന് ശരീരത്തിനുള്ളിൽ പ്രവേശിക്കാൻ സാധിക്കും. രോഗണു കലർന്ന ആഹാര സാധനം കഴിക്കുക, വെള്ളം കുടിക്കുക എന്നിവ വഴിയും രോഗാണു ഉള്ളിലെത്തും. കണ്ണിന് മഞ്ഞനിറം, പേശീവേദന, നേത്രഗോളത്തിന് പിന്നിൽ നിന്നുണ്ടാകുന്ന തലവേദന, പനി, വയറിളക്കം തുടങ്ങിയവയാണ് പ്രധാന രോഗലക്ഷണം. രോഗത്തിന്റെ ആദ്യ ഘട്ടത്തിൽ എലിപ്പനിക്കുള്ള ശരിയായ ചികിത്സ ലഭ്യമായാൽ രോഗശമനം സാധ്യമാണ്. ഇതിനുള്ള മരുന്ന് പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും. കണ്ണിന് മഞ്ഞനിറം ഒരു രോഗലക്ഷണമാകയാൽ

മഞ്ഞപ്പിത്തമായി തെറ്റിദ്ധരിച്ച് ശരിയായ എലിപ്പനി രോഗ ചികിത്സ സ്വീകരിക്കാത്തത് രോഗം മൂർച്ഛിക്കുന്നതിനും മരണത്തിനും കാരണമാകാം.

പാടത്തും പറമ്പിലും എലിമൂത്രം കലർന്ന വെള്ളവുമായി സമ്പർക്കം വരാൻ സാധ്യതയുള്ള പ്രവൃത്തി ചെയ്യുന്നവർ, തൊഴിലുറപ്പ് തൊഴിലാളികൾ, ക്ഷീരകർഷകർ തുടങ്ങിയവർ എലിപ്പനിക്കെതിരായ മുൻകരുതൽ ചികിത്സ സ്വീകരിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇതിനുള്ള ഗുളികകളും മാർഗനിർദേശങ്ങളും ആരോഗ്യപ്രവർത്തകരിൽ നിന്നും സൗജന്യമായി ലഭിക്കും. (പിഎൻപി 1699/19)

## സൂപ്പർവൈസർ ഒഴിവ്

ഏനാദിമംഗലം കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന കാർഷിക കർമ സേനയിൽ സൂപ്പർവൈസർ തസ്തികയിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. പ്രായം 18നും 40നും മധ്യേ. വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യത, ആധാർ, റേഷൻ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതമുള്ള അപേക്ഷ ഈ മാസം 12നകം കൃഷിഭവനിൽ നൽകണം.

(പിഎൻപി 1700/19)

## എൻജിനീയർ ഒഴിവ്

കോന്നി സിഎഫ്ആർഡിയിൽ 40000 രൂപ പ്രതിമാസ വേതന നിരക്കിൽ സിവിൽ എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. സർക്കാർ സർവീസിലോ പൊതുമേഖലാ സ്ഥാപനത്തിലോ എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത തസ്തികയിൽ വിരമിച്ചവർക്ക് അപേക്ഷിക്കാം. പ്രായപരിധി 63 വയസ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 20. അപേക്ഷാ ഫോറവും കൂടുതൽ വിവരവും www.supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പിഎൻപി 1701/19)

## സിഎഫ്ആർഡിയിൽ പരിശീലനം

മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം, ഗുണനിലവാരം, വിപണനം, ഭക്ഷ്യസുരക്ഷ എന്നിവ സംബന്ധിച്ച് ഈ മാസം 16 മുതൽ 20 വരെ കോന്നി സിഎഫ്ആർഡിയിൽ പരിശീലനം നൽകും. സയൻസ് വിഷയത്തിൽ ബിരുദമുള്ളവർക്കും ഭക്ഷ്യസംസ്കരണം, വിപണനം, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും താത്പര്യമുള്ളവർക്കും പങ്കെടുക്കാം. നിലവിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിൽ പ്രവർത്തിക്കുന്നവർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുണ്ട്. ഫോൺ: 0468 2241144. (പിഎൻപി 1702/19)

## ഫോട്ടോ അടിക്കുറിപ്പ്

1) എഡിഎം ആയി ചുമതലയേറ്റ അലക്സ് പി.തോമസ്


വാർത്തകൾ ഇനി കാണാം... കേൾക്കാം... വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്. ആൻഡ്രോയിഡ് വേർഷനിലുള്ള എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും. പ്ലേ സ്റ്റോറിൽ നിന്നും PRD LIVE ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**